നം. 78/3എൽഎൽബി/2011/റ്റിഎ2/സിഇഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

# <u>വിജ്ഞാപനം</u>

# സർക്കാർ ലോ കോളേജുകളിലെ ത്രിവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള 2011-12 ലെ പ്രവേശന പരീക്ഷ

1. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലെ 2011-12 അദ്ധ്യയന വർഷത്തെ ത്രിവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

2. **<u>പ്രവേശനത്തിനു വേണ്ട യോഗ്യതകൾ :-</u>**

(i) **നേറ്റിവിറ്റി:** അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം

(ii) **വിദ്യാഭ്യാസ യോഗ്യത:** കേരള സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ ബിരുദമോ സംസ്ഥാനത്തെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷയോ, എല്ലാ പാർട്ടുകൾക്കും കൂടി, 45% മാർക്ക് നേടി പാസ്സായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 40% മാർക്ക് മതി. ഈ വർഷം യോഗ്യതാ പരീക്ഷ എഴുതിയവർക്കും അപേക്ഷിക്കാം. അവർ അഡ്മിഷൻ വേളയിൽ യോഗ്യതാ പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(iii) **വയസ്സ്:** ഉയർന്ന പ്രായപരിധി ഇല്ല.

(iv) **പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നത് സംബന്ധിച്ച്:** ത്രിവത്സര എൽ.എൽ.ബി. പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് ജനറൽ/എസ്.ഇ.ബി.സി. വിഭാഗക്കാർ പ്രവേശന പരീക്ഷയിലെ മൊത്തം 600 മാർക്കിൽ കുറഞ്ഞത് **25 ശതമാനവും** SC/ST വിഭാഗക്കാർ കുറഞ്ഞത് **20 ശതമാനവും** മാർക്ക് നേടിയിരിക്കണം.

3. **<u>പ്രവേശന പരീക്ഷ</u>:** തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് **16.10.2011 ന് (ഞായർ)** പ്രവേശന പരീക്ഷ നടത്തുന്നതാണ്. പ്രവേശന പരീക്ഷ പൊതുവിജ്ഞാനം, ഇംഗ്ലീഷ്, നിയമ അഭിരുചി എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള 200 ചോദ്യങ്ങളുള്ളതും മൂന്ന് മണിക്കൂർ ദൈർഘ്യമുള്ളതും ആയിരിക്കും.

4. **<u>അപേക്ഷിക്കേണ്ട വിധം</u>:** അപേക്ഷകൾ ഓൺലൈനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റ് വഴി സമർപ്പിക്കാവുന്നതാണ്. ഇതിനായി **16.09.2011 മുതൽ 30.09.2011 വൈകുന്നേരം 5 മണി വരെ** വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും.

5. **<u>അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതിയും സമയവും</u>:** ഓൺലൈൻ വഴി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടിൽ അപ്‌ലോഡ് ചെയ്ത തരത്തിലുള്ള ഫോട്ടോ ഒട്ടിച്ച് അപേക്ഷകൻ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റ് രേഖകളും സഹിതം, **2011 സെപ്റ്റംബർ 30-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്കു** മുമ്പായി നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്,**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001** എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. കേരളത്തിൽ നിന്നുള്ള അപേക്ഷകർ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി. യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. (ജനറൽ വിഭാഗം **600/- രൂപ**, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം **300/- രൂപ**). കേരളത്തിനു വെളിയിൽ നിന്നുമുള്ള അപേക്ഷകർ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന (ജനറൽ വിഭാഗം **600/- രൂപ**, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം **300/- രൂപ**) ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **2011 സെപ്റ്റംബർ 30-ാം തീയതി വൈകുന്നേരം 5 മണി**ക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

7. പരീക്ഷയ്ക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്ത അപേക്ഷകർ അവരുടെ അഡ്മിറ്റ് കാർഡ് **10.10.2011** മുതൽ **www.cee-kerala.org** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പരീക്ഷാ ഹാളിൽ കൊണ്ടുവരേണ്ടതാണ്.

8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

9. അപേക്ഷാഫോമിൽ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല.

10. പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ നൽകുന്ന കോളേജുകളുടെ മുൻഗണനാ ക്രമമനുസരിച്ച് കോഴ്സിന്റെ പ്രവേശനത്തിനു വേണ്ടി ഒരു കേന്ദ്രീകൃത ഓൺലൈൻ അലോട്ടുമെന്റ് നടത്തുന്നതാണ്. ഇതിലേക്ക് വ്യക്തിപരമായ അറിയിപ്പുകൾ അയയ്ക്കുന്നതല്ല. അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിച്ച കോളേജുകളിൽ നിർദ്ദേശിച്ചിട്ടുള്ള തീയതിയിൽ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയശേഷം നിർദ്ദിഷ്ട ഫീസ് ഒടുക്കി അഡ്മിഷൻ നേടാവുന്നതാണ്.

11. കോഴ്സിലേയ്ക്കുള്ള അലോട്ടുമെന്റ് സർക്കാർ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയ 2011 ലെ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. പ്രോസ്പെക്ടസ്സിലെ വിശദ വിവരങ്ങൾ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് അപേക്ഷകർ പരിശോധിക്കേണ്ടതാണ്.



**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.09.2011